www.malankaralibrary.com

# ക്രിസ്തീയ പുരോഹിതന്റെ സ്വത്വം

ഡോ. കെ.എം. ഫ്രാൻസിസ്

ക്രിസ്തുമതത്തിന്റെ നിലനിൽപ്പിന്റെയും തുടർച്ചയുടെയും വളർച്ചയുടെയും നിർണ്ണായക ഘടകമാണ് പുരോഹിതൻ. എന്നാൽ കഴിഞ്ഞുപോയ 2000 വർഷങ്ങളിലും ക്രിസ്തു പൗരോഹിത്യം തന്നെ ഇല്ലാതാക്കിയെന്ന് പലരും, പ്രത്യേകിച്ച് നവീകരണ വിഭാഗങ്ങളും (Protestants) ആരോപിക്കുന്നു. ഈ ആരോപണത്തിന് മറുപടി പറയുകയും പൗരോഹിത്യത്തിന്റെ ആവശ്യകതയെ നിർവ്വചിക്കുകയും ചെയ്യേണ്ടത് പുരോഹിതന്മാരുടെ കടമയാണ്. വി. പത്രോസ് പറയുന്നു; "നിന്റെ പ്രത്യാശയുടെ (ജീവിതാവസ്ഥയുടെ) കാരണമെന്തെന്ന് ചോദിക്കുന്നവനോട് ഉത്തരം പറയുവാൻ സദാ ജാഗരൂകനാകുക" (1 പത്രോസ് 3: 15).

## സ്വത്വം (Identity)

സ്വത്വം എന്താണ്? മനുഷ്യത്വം എന്താണ്? വ്യക്തിത്വം എന്താണ്? മനുഷ്യനാകാൻ പുരോഹിതനാകണമോ? പൗരോഹിത്യം ആവശ്യമാണോ? പുരോഹിതന്റെ ദൗത്യം എന്താണ്? ദൈവവിളി എന്താണ്? യഹൂദ പൗരോഹിത്യവും, ക്രിസ്ത്യൻ പൗരോഹിത്യവും തമ്മിലുള്ള വ്യത്യാസം എന്താണ്? എന്നീ ചോദ്യങ്ങളാണ് ഈ ലേഖനം ചർച്ച ചെയ്യുന്നത്.

സ്വത്വം എന്ന വാക്കിന്റെ അർത്ഥം ഞാൻ മറ്റുള്ളവരിൽ നിന്ന് എങ്ങിനെ വ്യത്യസ്തനാകുന്നു (difference) വെന്നതാണ്. മനുഷ്യനിൽ അറിവ് വളരുന്നത് തന്നെ വ്യത്യാസം അറിയുന്ന അഥവാ വേർതിരിച്ച് മനസ്സിൽ സൂക്ഷിക്കുന്നതാണ്. ഈ പ്രക്രിയയെ നാം തിരിച്ചറിവ് എന്ന് വിളിക്കുന്നു. കുട്ടിക്കാലത്തു തന്നെ പാഠ്യ പദ്ധതിയിൽ വ്യത്യാസത്തെ (difference) മനസ്സിലാക്കാൻ പഠിപ്പിക്കുന്നു. ജിവനുള്ള സത്തകളും (living beings) ജീവനില്ലാത്ത സത്തകളും (non-living beings) തമ്മിലുള്ള വ്യത്യാസമെന്ത്? ചെടികളും മൃഗങ്ങളും തമ്മിലുള്ള വ്യത്യാസമെന്ത്? മൃഗങ്ങളും മനുഷ്യനും തമ്മിലുള്ള വ്യത്യാസമെന്ത്? എന്നീ ചോദ്യങ്ങൾ ശാസ്ത്രീയമായി തയ്യാറാക്കപ്പെട്ട ഒന്നാം ക്ലാസിലെ പാഠപുസ്തകത്തിൽ കാണാവുന്നതാണ് (കേരള സർക്കാരിന്റെ പാഠാവലികളിൽ ഇത് കാണുന്നില്ല). മനുഷ്യനും മൃഗവും തമ്മിലുള്ള വ്യത്യാസത്തെ മനുഷ്യന്റെ സ്വത്വം അഥവാ മനുഷ്യവർഗ്ഗ സ്വഭാവം (human identity or genus) എന്ന് നാമകരണം ചെയ്യുന്നു.

മനുഷ്യൻ ഒരു ചിന്തിക്കുന്ന മൃഗമാണ് (അരിസ്റ്റോട്ടിൽ), മനുഷ്യൻ ഒരു സാമൂഹിക മൃഗമാണ് (അരിസ്റ്റോട്ടിൽ), മനുഷ്യൻ സ്നേഹിക്കുന്ന മൃഗമാണ് (യേശുക്രിസ്തു), മനുഷ്യൻ അദ്ധ്വാനിക്കുന്ന മൃഗമാണ് (കാറൽ മാർക്സ്) എന്നിങ്ങനെ പല ഗുണങ്ങളും മൃഗത്തിൽ നിന്ന് വ്യത്യസ്തമായി മനുഷ്യനുണ്ടെന്ന് ചിന്തകർ ചൂണ്ടിക്കാണിക്കുന്നു.

www.malankaralibrary.com

ഈ സ്വത്വം 'മനുഷ്യവർഗ്ഗത്തിന്' മാത്രമാണോ അതോ 'ഓരോ' വ്യക്തിയ്ക്കുമുണ്ടോ? എന്നതാണ് ഹെഗേൽ ഉന്നയിച്ച ചോദ്യം. മറ്റൊരു വിധത്തിൽ എല്ലാ മനുഷ്യരും 'മനുഷ്യൻ' എന്ന ഏക സാർവ്വത്രിക വർഗ്ഗത്തിൽ (universal class) ഉൾപ്പെടുമോ അതോ ഓരോ മനുഷ്യരും മറ്റു മനുഷ്യരിൽ നിന്ന് വ്യത്യസ്ഥനാണോ? ഓരോ മനുഷ്യനും ഒരേ സമയം സാർവ്വത്രിക സ്വഭാവത്തിലും, അവന്റെ തന്നെ പ്രത്യേക സ്വഭാവത്തിലും പങ്കാളിയാകുന്നുവെന്നതാണ് യാഥാർത്ഥ്യം. എന്നാൽ കാറൽ മാർക്സ് മനുഷ്യന്റെ വ്യക്തിസ്വഭാവത്തെ നിഷേധിച്ച് വർഗ്ഗസ്വഭാവത്തെ മാത്രം സത്യമായി അംഗീകരിക്കുന്നു.

വ്യക്തിപരമായ സ്വത്വം അഥവാ വ്യക്തിത്വം ഞാൻ നേടിയെടുക്കുന്നത് അദ്ധ്വാനമെന്ന മാർഗ്ഗത്തിലൂടെയാണ്. പൊതുനന്മ വർദ്ധിപ്പിക്കാൻ വേണ്ടി ഒരുവൻ മറ്റൊരുവന് നൽകുന്ന വസ്തുക്കളുടെയും സേവനങ്ങളുടേയും നിർമ്മാണം അഥവാ സൃഷ്ടിയാണ് അദ്ധ്വാനം. ഒരുവൻ മത്സ്യം പിടിച്ച് മറ്റൊരുവന് നൽകുമ്പോൾ, മത്സ്യം പിടിക്കുന്നവൻ മീൻ പിടുത്തക്കാരനായി (fisherman) മാറുന്നു. ഒരുവൻ മണ്ണു കുഴച്ച് കുടമുണ്ടാക്കി മറ്റൊരുവന് നൽകുമ്പോൾ അവൻ കുശവനായി (Potter) മാറുന്നു. ഒരുവൻ തന്റെ അറിവ് മറ്റുള്ളവന് നൽകുമ്പോൾ അറിവുനൽകിയവൻ അദ്ധ്യാപകനായി മാറുന്നു. മനുഷ്യൻ എന്ന സാർവ്വത്രിക വർഗ്ഗത്തിൽ നിന്ന് മീൻപിടുത്തക്കാരൻ, കുശവൻ, അദ്ധ്യാപകൻ എന്നീ അവസ്ഥയിലേക്ക് ഓരോ മനുഷ്യനും രൂപാന്തരപ്പെടുന്നു. ഒരുവൻ മറ്റൊരുവന് നൽകുന്നതിന്റെ അളവ് വർദ്ധിക്കുന്നതിനനുസരിച്ച് ഒരുവന്റെ സ്വന്തം അസ്തിത്വം വളരുന്നു. അത് ഒരുവന്റെ ഇന്നലെയും (yesterday) ഇന്നും (today) തമ്മിലുള്ള അകലമാണ്, ഈ അകലമാണ് വ്യക്തിത്വം. ഇന്നലെയുള്ളവൻ ഇന്നിവിടുണ്ട് അവൻ ഇന്നലെയുള്ളവനേക്കാൾ കൂടുതലുള്ളവനാണ്.

എന്ത് പ്രവൃത്തി ചെയ്യുമ്പോഴാണ് ഒരുവൻ പുരോഹിതനായി വളരുന്നത്? മറ്റുള്ളവരിൽനിന്ന് വ്യത്യസ്തമായി ഒരു പുരോഹിതന് പൊതുനന്മ വർദ്ധിപ്പിക്കുന്ന വിധത്തിൽ എന്താണ് മറ്റുള്ളവർക്ക് നൽകാനുള്ളത്? അതാണ് പുരോഹിതന്റെ സ്വത്വം. അക്കാര്യത്തിൽ ഇന്നുള്ള ഞാൻ ഇന്നലെയുള്ള ഞാനിനേക്കാൾ വർദ്ധിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അതിൽനിന്നു കിട്ടുന്ന സന്തോഷമാണ് നാളെ തൊഴിൽ ചെയ്യാനുള്ള ഒരുവന്റെ ആന്തരിക പ്രചോദനം. ബാഹ്യമനുഷ്യൻ ക്ഷയിക്കുകയും ആന്തരിക മനുഷ്യൻ വളരുകയും ചെയ്യുന്നതാണ് രൂപാന്തരീകരണം. ആന്തരിക മനുഷ്യന്റെ ഭക്ഷണം പൊതുനന്മ വർദ്ധിപ്പിക്കുന്ന പ്രവൃത്തികൾ അപരനു വേണ്ടി ചെയ്യുന്നതാണ്, അഥവാ ദൈവഹിതം നിറവേറ്റലാണ്. അതാണ് സ്നേഹം. യേശു പറയുന്നു; "എന്റെ പിതാവിന്റെ പ്രവൃത്തികൾ ചെയ്യുക എന്നതാണ് എന്റെ ഭക്ഷണം." "എന്റെ പിതാവ് സദാ പ്രവർത്തന നിരതനാണ്." ദൈവം ധ്യാനനിരതനല്ല, ദൈവം സ്നേഹിക്കുന്നവനാണ്. സ്നേഹം നാമമല്ല, കർമ്മമാണ്.

www.malankaralibrary.com

**ദൈവവിളി ഉള്ളിൽനിന്നു വരുന്നു**

ദൈവം മനുഷ്യനെ ഏല്പിച്ച ദൗത്യമാണ് ദൈവവിളി. ഈ വിളി ആരും പുറമെനിന്ന് ചെവിയിലൂടെ കേൾക്കുന്നില്ല. ദൈവത്തിന്റെ വിളി മനുഷ്യൻ തന്റെ ആന്തരികതയിൽ നിന്നാണ് ശ്രവിക്കുന്നത്. ഭക്ഷണം കഴിക്കാൻ ഒരുവനെ ആരെങ്കിലും വിളിക്കണമോ? ഒരുവന്റെ അസ്തിത്വത്തിന്റെ ഭാഗമായി വിശപ്പ് രൂപംകൊള്ളുന്നു. ഈ വിശപ്പ് മസ്തിഷ്കത്തിൽ അനുഭവപ്പെടുമ്പോൾ മനുഷ്യൻ ഭക്ഷണം അന്വേഷിച്ച് പോകുന്നു.

ഇതുപോലെ മറ്റൊരുവന്റെ ദുഃഖത്തിൽ സ്വയം മറന്ന് അപരനെ സഹായിക്കാനായി മനുഷ്യന്റെ അസ്തിത്വത്തിൽ നിന്ന് രൂപംകൊള്ളുന്ന പ്രചോദനമാണ് സ്നേഹം. ഇത് പുറമെനിന്ന് വരുന്നതല്ല. അകമേനിന്ന് രൂപം കൊള്ളുന്നതാണ്. റോഡിൽ ഒരു കുരുടൻ വഴിയറിയാതെ നിൽക്കുമ്പോൾ അവനെ സഹായിക്കാൻ നിങ്ങൾക്കു തോന്നിയിട്ടുണ്ടോ? ഒരുവൻ ഭക്ഷണം കിട്ടാതെ നിൽക്കുമ്പോൾ അവന് ഭക്ഷണം നൽകണമെന്ന് തോന്നിയിട്ടുണ്ടോ? ഒരുവൻ മർദ്ദനമേൽക്കുമ്പോൾ അവനെ സംരക്ഷിക്കണമെന്ന് തോന്നിയിട്ടുണ്ടോ? എങ്കിൽ നിങ്ങൾക്ക് ദൈവവിളിയുണ്ട്. ഇത് ജന്മനാ മനുഷ്യനിലുള്ള ദൈവഛായയാണ്. ദൈവം ജീവിക്കുന്നതുപോലെ ജീവിക്കാനുള്ള ത്വരയാണ്. സത്യത്തിൽ സ്നേഹിക്കുന്നതാണ് മനുഷ്യനിലെ ദൈവഛായ. മോശയ്ക്ക് നിമയം മാത്രമേ അറിയൂ, യേശു സത്യവും സ്നേഹവുമാണ്. സ്നേഹിക്കാനുള്ള ആന്തരിക പ്രചോദനമാണ് ദൈവവിളി. സ്നേഹിക്കാനുള്ള ത്വര രണ്ട് ഭാവങ്ങളിൽ മനുഷ്യനിൽ കാണുന്നു. ആദ്യത്തേത് സ്വീകരിക്കുന്ന, സ്വന്തമാക്കുന്ന സ്നേഹമാണ്. (Possesive Love). രണ്ടാമത്തേത് നൽകുന്ന സ്നേഹമാണ് (Agape). സ്വന്തമാക്കുന്നവർക്കു വേണ്ടി സ്വയം ജീവൻ നൽകി ഏക യാഥാർത്ഥ്യമായി മാറുന്നതാണ് ദൈവസ്നേഹം. സ്നേഹിക്കുന്നവർക്കുവേണ്ടി ജീവൻ നൽകുന്നിനേക്കാൾ വലിയ സ്നേഹമില്ല. ദൈവത്തെ സ്വന്തമാക്കുവാൻ ദൈവത്തിന്റെ ഇഷ്ടം നിറവേറ്റുന്നു, അവനിൽ നിത്യജീവൻ ഉണ്ട്.

മനുഷ്യന്റെ സ്നേഹിക്കാനുള്ള ആന്തരിക ചോദനയെ യേശു ഓർമ്മിപ്പിക്കുന്നു. യേശു വി. പത്രോസിനോട് ചോദിക്കുന്നു. നിനക്ക് മറ്റുള്ളവരെ സ്വന്തമാക്കാനുള്ള ത്വരയുണ്ട്. (desire to posses, ഇച്ഛ). മറ്റെന്തിനേയും സ്വന്തമാക്കാൻ ആഗ്രഹിക്കുന്നതിനേക്കാൾ കൂടുതലായി നീയെന്നെ സ്വന്തമാക്കാൻ ആഗ്രഹിക്കുന്നുവോ?

“യോഹന്നാന്റെ പുത്രനായ ശിമയോനെ മറ്റുള്ളവരെ സ്വന്തമാക്കാൻ ആഗ്രഹിക്കുന്നതിനേക്കാൾ കൂടുതലായി എന്നെ സ്വന്തമാക്കാൻ നീ ആഗ്രഹിക്കുന്നുവോ”.

ഈ ചോദ്യം യേശു മൂന്ന് പ്രാവശ്യം ആവർത്തിക്കുന്നു “നീ എന്നെ സ്നേഹിക്കുന്നുവോ”

ഏറ്റവും സുന്ദരമായതിനെ സ്വന്തമാക്കാനുള്ള മനുഷ്യന്റെ ആഗ്രഹത്തെയാണ് യേശു തൊട്ടുണർത്തുന്നത്. “നീ എന്നെ സ്നേഹിക്കുന്നുവെങ്കിൽ എന്റെ ആടുകളെ മേയ്ക്കുക” (എന്റെ ആടുകൾക്കു വേണ്ടി ജീവൻ കളയുക). വി. കൊച്ചു ത്രേസ്യ പറയുന്നു സ്നേഹിക്കുക എന്ന

www.malankaralibrary.com

താണ് ഏക ദൈവവിളി. ആടുകളെ മേയിക്കുക എന്നാൽ വിശ്വാസികളെ ഭരിക്കുക എന്നാണെന്ന് സെബദീ പുത്രന്മാർ തെറ്റിദ്ധരിച്ചു. യേശു അവരെ തിരുത്തുന്നു. വലിയവൻ എന്നാൽ സേവകന്മാരുടെ സേവകൻ എന്നാണ് അർത്ഥം. ആടുകളെ ചെന്നായ് പിടിക്കാൻ വരുമ്പോൾ ആദ്യം മരിക്കാനുള്ളവനാണ് മാർപാപ്പ, രണ്ടാമത് മരിക്കാനുള്ളവൻ കർദ്ദിനാൾ, മൂന്നാമത് മെത്രാൻ, നാലാമത് പുരോഹിതൻ, അവസാനം ആടുകൾ.

**എന്താണ് സ്നേഹം?**

ഏറ്റവും സുന്ദരമായതിനെ സ്വന്തമാക്കാനുള്ള മനുഷ്യന്റെ ശ്രമം ആരംഭിക്കുന്നത് ഭൗതികമായതിനെ സ്വന്തമാക്കിക്കൊണ്ടാണ്. ഓലപീപ്പിയും, വളപ്പൊട്ടുകളും, പാവകളും സ്വന്തമാക്കുന്ന മനുഷ്യൻ വസ്തുക്കളെയും വ്യക്തികളെയും സ്വന്തമാക്കുന്നു. ഇവയെല്ലാം തന്റെ അനന്തമായ ആഗ്രഹത്തെ പൂർത്തീകരിക്കാൻ പര്യാപ്തമല്ലെന്ന തിരിച്ചറിവ് യേശു നൽകുന്നു. നീ ഈ ലോകം മുഴുവൻ നേടിയാലും, നിന്റെ ആന്തരിക മനുഷ്യൻ വളരുന്നില്ലെങ്കിൽ (ആത്മാവ്, Soul, അഥവാ വളരാൻ ബാക്കിയുള്ള ഭാഗം) നിനക്കെന്ത് പ്രയോജനം. മനുഷ്യൻ സൃഷ്ടിക്കപ്പെട്ടിട്ടുള്ളത് അനന്തതയുടെ ഛായയിലാണ്. അതിനാൽ അനന്തതയ്ക്കു മാത്രമേ അവനെ സംതൃപ്തിപ്പെടുത്താൻ കഴിയൂ. മനുഷ്യൻ ചോദിക്കുന്നു: നിത്യത പുൽകാൻ ഞാൻ എന്തു ചെയ്യണം? യേശു പറയുന്നു നീ നിനക്കുള്ളതെല്ലാം മറ്റുള്ളവർക്ക് നൽകി എന്നെ അനുഗമിക്കുക. ഈ നൽകലിലൂടെ ആന്തരിക മനുഷ്യൻ വളരുന്നതാണ് നിത്യജീവൻ.

ആന്തരിക മനുഷ്യൻ വളരണമെങ്കിൽ സ്വന്തമാക്കുന്ന സ്നേഹത്തിൽ (eros) നിന്ന് നൽകുന്ന സ്നേഹത്തിലേക്ക് (agape) മനുഷ്യൻ വളരണം. സ്നേഹിതനു വേണ്ടി ജീവൻ നൽകുന്നതിനേക്കാൾ വലിയ സ്നേഹമില്ല. ഭൗതീക വസ്തുക്കളേയും, വ്യക്തികളേയും സ്വന്തമാക്കുന്നവന്, വീണ്ടും വീണ്ടും സ്വന്തമാക്കാനുള്ള ആഗ്രഹം വർദ്ധിക്കും. എന്നാൽ ദൈവത്തെ - യേശുവിനെ- സ്വന്തമാക്കുന്നവന് നൽകുന്ന സ്നേഹം പ്രാവർത്തികമാക്കാൻ കഴിയുന്നു. ഈ സ്നേഹമാണ് സർവ്വോൽകൃഷ്ടം. ഈ സ്നേഹമാണ് ദൈവം. ദൈവം മനുഷ്യനെ ദൈവത്തിന്റെ ഛായയിൽ സൃഷ്ടിച്ചിരിക്കുന്നതിനാൽ, സ്നേഹമാണ് മനുഷ്യന്റെ - ഓരോ മനുഷ്യന്റെയും - അടിസ്ഥാന സ്വഭാവം. സ്നേഹിക്കുന്നവൻ സ്വന്തം സ്വഭാവമനുസരിച്ചു തന്നെയാണ് പ്രവർത്തിക്കുന്നത്. സ്നേഹിക്കുന്നവൻ ദൈവം ആരെന്ന് അറിയുന്നു, സ്നേഹിക്കാത്തവൻ ദൈവം ആരെന്ന് അറിയുന്നില്ല. സ്നേഹത്തിന് രണ്ട് ഭാഗമുണ്ട് സ്വീകരിക്കുന്ന സ്നേഹം, നൽകുന്ന സ്നേഹം. സ്വീകരിക്കുന്ന സ്നേഹത്തിൽ കുടുങ്ങുന്നതാണ് നാർസ്സിസം. സ്വീകരിക്കുന്ന സ്നേഹത്തിൽനിന്ന് നൽകുന്ന സ്നേഹത്തിലേക്കുള്ള വളർച്ചയാണ് മനുഷ്യത്വത്തിന്റെ പൂർണ്ണത അഥവാ വിശുദ്ധി.

നൽകുന്ന സ്നേഹത്തിലേക്കുള്ള വളർച്ച ക്രമാനുഗതമാണ്. ബാല്യത്തിൽ അവൻ സ്വീകരിക്കുന്നു, ഒന്നും തിരിച്ചു നൽകുന്നില്ല, യുവാവാകുമ്പോൾ അവൻ സ്വീകരിക്കുന്നതിന് തുല്യ

www.malankaralibrary.com

മായി നൽകുന്നു, വീണ്ടും വളർന്ന് പൗരനാകുമ്പോൾ, സ്വീകരിക്കുന്നതിനേക്കാൾ കൂടുതൽ നൽകുന്നു, യഥാർത്ഥ സ്നേഹിതനാകുമ്പോൾ സ്വീകരിക്കാതെ തന്നെ നൽകുന്നു. ഒന്നും സ്വീകരിക്കാതെ എല്ലാം നൽകുന്നതാണ് ദൈവസ്നേഹം. ഈ സ്നേഹത്തിലേക്ക് വളരാനുള്ള ആഹ്വാനമാണ് മനുഷ്യന്റെ ആന്തരിക സ്വഭാവം. യേശുവിന്റെ വിളി മനുഷ്യന്റെ ആന്തരിക ഭാവത്തെ ഉദ്ദീപിപ്പിക്കുന്നു. യേശുവിനെ അനുഗമിക്കുന്നവന്റെ ഉള്ളിൽനിന്ന് സ്നേഹം നദിപോലെ ഒഴുകുന്നു.

പ്രായപൂർത്തിയായ ഒരുവൻ നൽകുന്നതിനേക്കാൾ കൂടുതൽ സ്വീകരിക്കുന്നത് അനീതി, നൽകുന്നതിന് തുല്യമായി സ്വീകരിക്കുന്നത് നീതി, നൽകുന്നതിനേക്കാൾ കുറവ് സ്വീകരിക്കുന്നത്  സ്നേഹം. സ്നേഹം പ്രാവർത്തികമാക്കുമ്പോൾ പൊതുനന്മ വർദ്ധിക്കുന്നു. 5 രൂപ നൽകി, 10 രൂപ സ്വീകരിച്ച് 4 രൂപ ദാനം ചെയ്യുന്നതാണ് ചാരിറ്റി എന്ന് ചിലർ തെറ്റിദ്ധരിച്ചിരിക്കുന്നു. Caritas എന്ന ലത്തീൻ പദത്തിന്റെ അർത്ഥം അഗാപ്പെ എന്നാണ്. അതിന്റെ അർത്ഥം ഉപവി എന്ന് തെറ്റിദ്ധരിച്ചിരിക്കുന്നു. 5 രൂപ നൽകി 4 രൂപ സ്വീകരിക്കുന്നതാണ് സ്നേഹം 5 രൂപ നൽകി 5 രൂപ സ്വീകരിക്കുന്നതാണ് നീതി യേശു വിളിക്കുന്നത് യഹൂദന്റെയും ഗ്രീക്കുകാരന്റെയും നീതിയെ അതിലംഘിക്കാനാണ്. അത് 5 രൂപ നൽകി 4 രൂപ സ്വീകരിക്കുന്നതാണ്. ഈ സ്നേഹം പൂർണ്ണ വളർച്ചയെത്തുമ്പോൾ 5 രൂപ നൽകി ഒന്നും സ്വീകരിക്കാതെ മടങ്ങുന്നു.

**എങ്ങിനെയാണ് സ്നേഹിക്കുക?**

സ്നേഹമാണ് ദൈവവിളിയെന്നും, ഇത് മനുഷ്യന്റെ അസ്തിത്വത്തിൽ ആലേഖനം ചെയ്ത ദൈവഛായയാണെന്നും നാം മനസ്സിലാക്കി. സ്നേഹിക്കുക എന്നതാണ് ആന്തരിക മനുഷ്യന്റെ ഭക്ഷണം. ഈ ഭക്ഷണം കഴിക്കുമ്പോൾ ആന്തരിക മനുഷ്യൻ വളരുകയും 'ഞാൻ' യഥാർത്ഥത്തിൽ എന്താണെന്ന് മനുഷ്യൻ മനസ്സിലാക്കുന്നതിൽ വളരുകയും ചെയ്യുന്നു. ആന്തരിക മനുഷ്യനെക്കുറിച്ചുള്ള സ്വയാവബോധമാണ് ദൈവം ആരെന്നുള്ള അറിവിൽ വളരാൻ മനുഷ്യനെ സഹായിക്കുന്നത്. ഈ അറിവ് മനുഷ്യന് നിത്യ ജീവൻ നൽകുന്നു. യേശുവിനെ സ്നേഹിക്കാനും, അവനെ അനുഗമിക്കാനുമുള്ള വിളി എങ്ങിനെ പ്രയോഗിക്കും?

സ്നേഹത്തിന്റെ ആദ്യ രൂപം തൊഴിലാണ്. അവനവനല്ലാതെ മറ്റൊരുവനുവേണ്ടി ബോധപൂർവ്വം പ്രപഞ്ചത്തെ രൂപാന്തരപ്പെടുത്തുന്നതാണ് തൊഴിൽ, ലൈംഗീകതയാണ് സ്നേഹത്തിന്റെ കുറച്ചുകൂടി ഉന്നതരൂപം. ലൈംഗീകതയിലൂടെ രണ്ടുപേർ മറ്റൊരുവന് ജീവൻ ദാനമായി നൽകുന്നു.

ദൈവം ആദ്യം പ്രപഞ്ചത്തെ സൃഷ്ടിച്ചു, പിന്നീട് മനുഷ്യനെ സൃഷ്ടിച്ചു. മനുഷ്യന് ദൈവസ്വഭാവമായതിനാൽ (ഉല്പത്തി 1 : 26) മനുഷ്യന്റെ ആന്തരികത പ്രപഞ്ചത്തെ പുനർസൃഷ്ടിക്കാനും, മനുഷ്യനെ സൃഷ്ടിക്കാനും മനുഷ്യനെ പ്രേരിപ്പിക്കുന്നു.  ഈ പ്രേരണയെ ദൈവത്തിന്റെ സ്വരമായി മനസ്സിലാക്കിയ ആദിമനുഷ്യൻ രചിച്ചു: "നീ പെറ്റു പെരുകുക, ഭൂമിയെ

www.malankaralibrary.com

രൂപാന്തരപ്പെടുത്തുക." ഭൂമിയെ രൂപാന്തരപ്പെടുത്തിന്നതിലൂടെ മനുഷ്യൻ സ്വയം രൂപാന്തരപ്പെടുന്നു. ലൈംഗീകതയിലൂടെ പുരുഷൻ സ്ത്രീയെ അമ്മയാക്കുന്നു, സ്ത്രീ പുരുഷനെ അപ്പനാക്കുന്നു, രണ്ടുപേരും ചേർന്ന് സൃഷ്ടികർമ്മത്തിൽ പങ്കാളിയായി മറ്റൊരുവന് ജീവൻ നൽകുന്നു.

സ്നേഹത്തിന്റെ ആദ്യരൂപം തൊഴിലും, രണ്ടാം രൂപം കുടംബവുമാണ്. ഇക്കാരണത്താലാണ് തൊഴിൽ, കുടുംബം എന്നിവയെ സ്നേഹിക്കാനുള്ള അവസരമെന്ന് സഭാ പ്രബോധനങ്ങൾ നമ്മെ ഓർമ്മിപ്പിക്കുന്നത്. ക്രിസ്തു ഇന്നും ജീവിക്കുന്നുവെന്ന ഫ്രാൻസീസ് മാർപാപ്പയുടെ ലേഖനത്തിന്റെ എട്ടാം അദ്ധ്യായം ദൈവവിളി എന്നാൽ എന്ത് എന്നതിനെ പുനർനിർവ്വചിക്കുന്നു. സ്നേഹമാണ് ദൈവവിളിയെന്നും, തൊഴിൽ കുടുംബം എന്നിവ സ്നേഹിക്കാനുള്ള അവസരമാണെന്നും ഓർമ്മിപ്പിക്കുന്നു. വിവാഹമെന്നത് സ്നേഹിക്കാനുള്ള അവസരം നൽകുന്ന സന്തോഷം അനുഭവിക്കാനുള്ള വേദിയാണെന്ന് മാർപാപ്പ ചൂണ്ടിക്കാണിക്കുന്നു. കുടുംബത്തെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ രചനയുടെ തലക്കെട്ട് 'സ്നേഹത്തിന്റെ സന്തോഷം' എന്നാണ്.

**എന്തിനാണ് പൗരോഹിത്യം?**

ലോകത്തിലെ എല്ലാ രാജ്യങ്ങളിലും പുരോഹിതന്മാർ ഉണ്ടായിരുന്നു. അവർ ദൈവത്തിനും മനുഷ്യനും മദ്ധ്യേയുള്ള ഇടനിലക്കാരായിരുന്നു. രാജാവ് ദൈവമാണെന്നുള്ള പാരമ്പര്യത്തെ ചോദ്യം ചെയ്തുകൊണ്ടാണ് പൗരോഹിത്യം രൂപം കൊണ്ടത്. ഇവർക്ക് മാത്രമാണ് ദൈവീക വെളിപാടുകൾ ലഭിക്കുക. അതിനാൽ കേരളത്തിൽ ഇവരെ വെളിച്ചപ്പാടുകൾ എന്ന് വിളിച്ചിരുന്നത്. ഗ്രീസിലെ ഡെൽഫി ക്ഷേത്രത്തിലെ വെളിച്ചപ്പാടാണ് ചരിത്രത്തിൽ ഏറ്റവും പ്രശസ്തമായ പുരോഹിതൻ. വെളിച്ചപ്പാടിനെ ഒറിക്കിൾ (Oracle) എന്ന് ഗ്രീസിൽ വിളിക്കുന്നു. വെളിച്ചപ്പാടിനെ കണ്ട് ശകുനം (അടയാളം) വ്യാഖ്യാനിക്കാതെ രാജാക്കന്മാർ യുദ്ധത്തിന് പുറപ്പെടാറില്ല.

ഒന്നാമതായി ദൈവത്തിനും മനുഷ്യനുമിടയിലുള്ള മദ്ധ്യസ്ഥൻ എന്ന രീതിയിലാണ് ലേവ്യപുരോഹിതന്മാരും നിർവ്വചിക്കപ്പെട്ടിരുന്നത്. മോശയ്ക്കും, മോശയ്ക്കു ശേഷം ആസ്ഥാനം അലങ്കരിച്ചിരുന്ന പ്രധാന പുരോഹിതന്മാർക്കും മാത്രമെ ദൈവമായി സംസാരിക്കാനുള്ള അനുവാദം ഉണ്ടായിരുന്നത്. മോസ്സസ്സിന്റെ സ്വരം ദൈവസ്വരമായി കണക്കാക്കണമെന്നാണ് മോസ്സസ് അഹറോനോട് ആവശ്യപ്പെടുന്നത്. മറ്റൊരു വിധത്തിൽ പ്രധാന പുരോഹിതൻ വെളിച്ചപ്പാടായിരുന്നു.

മാത്രമല്ല നിമയ നിർമ്മാതാവും, രാജാവിനെ നിയമിക്കുന്നവനും പ്രധാന പുരോഹിതനായിരുന്നു. നീ ദൈവ സന്നിധിയിൽ ആയിരിക്കുകയും, ജനങ്ങൾക്കു വേണ്ടി ചട്ടങ്ങളും പ്രമാണങ്ങളും പഠിപ്പിക്കുകയും ചെയ്യുക (പുറപ്പാട് 18: 17-26). മോശ നിർമ്മിച്ച സംവിധാനമാണ് ഇന്നും ലോകമെമ്പാടും തുടരുന്നത്. എന്നാൽ ചട്ടങ്ങളും പ്രമാണങ്ങളും ജനങ്ങൾക്കുവേണ്ടി നിർമ്മിക്കേണ്ടത് മതരാഷ്ട്രത്തിൽ പുരോഹിതനാണ്, ജനാധിപത്യ വ്യവസ്ഥയിൽ ജനങ്ങളാണ്. മത

www.malankaralibrary.com

രാഷ്ട്രത്തിൽ നിന്ന് ജനാധിപത്യത്തിലേക്കുള്ള യാത്രയിൽ യേശു വരുത്തിയ മാറ്റം എന്താണ്? ഓരോ മനുഷ്യനും ദൈവവുമായി നേരിട്ട് സംസാരിക്കാനുള്ള കഴിവിലേക്കാണ് യേശു നയിക്കുന്നത്. ഇനി നിങ്ങൾ നേരിട്ട് പിതാവിനോട് സംസാരിക്കാൻ യേശു ശിഷ്യന്മാരോട് നിർദ്ദേശിക്കന്നു (യോഹ 16: 26–28), അങ്ങിനെ ലേവ്യ പൗരോഹിത്യത്തെ യേശു കാലഹരണപ്പെടുത്തി (ഹെബ്രായർ). വി. പൗലോസ് പറയുന്നു. ദൈവത്തിന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നെങ്കിൽ, ദൈവത്തിന്റെ ഹിതം നിങ്ങൾ മനസ്സിലാക്കും. മാത്രമല്ല, ഓരോ മനുഷ്യനും പരിശുദ്ധാത്മാവിന്റെ ആലയമാണ്. അതിനാൽ ഓരോ മനുഷ്യനും ദൈവഹിതം തിരിച്ചറിയാനുള്ള കഴിവുണ്ട്. നിയമങ്ങളും ചട്ടങ്ങളും രേഖപ്പെടുത്തിയിരിക്കുന്നത് കല്പലകളിലല്ല, മനുഷ്യന്റെ മാംസളമായ ഹൃദയത്തിലാണ്. ഉള്ളിൽ നിന്നു വരുന്ന കല്പനകൾ അനുസരിക്കുന്നതാണ് സ്വാതന്ത്ര്യം, ഇതാണ് ജ്ഞാനോദയം (enlightenment).

രണ്ടാമതായി പുരോഹതിന്റെ ദൗത്യം ബലിയർപ്പണമായിരുന്നു. ദൈവത്തെ പ്രസാദിപ്പിക്കാൻ മദ്ധ്യസ്ഥനായ പുരോഹിതൻ ബലികളും കാഴ്ചകളും അർപ്പിക്കുന്നു. ഇത്തരം ബലികളേയും യേശു തള്ളിക്കളയുന്നു. കാരണം യേശു എന്നന്നേയ്ക്കുമുള്ള ഏക ബലി അർപ്പിച്ചു കഴിഞ്ഞു. അതിനാൽ തന്നെ മറ്റൊരു ബലിയ്ക്കും പ്രസക്തിയില്ല. അപ്പോൾ ബലിയർപ്പകൻ എന്നത് പുരോഹിതന്റെ തനതു സ്വത്വമല്ല. അതിനാൽ തന്നെ ക്രിസ്തീയ പൗരോഹിത്യം പഴയ നിയമ പൗരോഹിത്യത്തിന്റെ തുടർച്ചയല്ല. മെൽക്കിസെദേക്കിന്റെ ക്രമപ്രകാരമുള്ള പുതിയ ശുശ്രൂഷയാണത്. യേശു മറ്റുള്ളവരേയോ മൃഗങ്ങളെയോ ബലി നൽകുന്നില്ല. സ്വയം സമർപ്പിക്കുകയാണ് ചെയ്തത്. അങ്ങിനെ ബലിയിൽ നിന്ന് സ്വയം സമർപ്പണത്തിലേക്ക് മാറ്റിയതാണ് യേശുവിന്റെ സംഭാവന. മറിയം യേശുവിനെ പിതാവിന് സമർപ്പിച്ചപോലെ, വിശ്വാസി സമൂഹം യേശുവിനെ പിതാവായ ദൈവത്തിന് സമർപ്പിക്കുന്നതാണ് പരിശുദ്ധ ആരാധന (Holy Liturgy).

**നിങ്ങൾ എനിക്ക് സാക്ഷികളാകുക**

അനുഭവിച്ചത് പഠിപ്പിക്കുന്നവനാണ് സാക്ഷി, അറിഞ്ഞത് പഠിപ്പിക്കുന്നവനാണ് അദ്ധ്യാപകൻ. ലോകമെങ്ങും പോയി യേശുവിന് സാക്ഷികളാകാൻ വേണ്ടിയാണ് യേശു ശിഷ്യന്മാരെ അന്വേഷിക്കുന്നത്. എന്തിനാണ് യേശു ശിഷ്യൻ സാക്ഷിയാകേണ്ടത്? യോഹന്നാന്റെ ലേഖനം ആരംഭിക്കുന്നത് ഇങ്ങിനെയാണ്; ഞങ്ങൾ കണ്ടതും കേട്ടതും, സൂക്ഷിച്ചു വീക്ഷിച്ചതും കൈകൊണ്ട് സ്പർശിച്ചതുമായ ജീവന്റെ വചനത്തെ കുറിച്ച് നിങ്ങളോട് സംസാരിക്കുന്നു (യോഹന്നാൻ 1: 1). പഞ്ചേന്ദ്രിയങ്ങൾ കൊണ്ട് അനുഭവിച്ച ദൈവത്തെ പങ്കുവെക്കുന്നത്, യോഹന്നാന്റെ സന്തോഷം പൂർണ്ണമാകാനാണ്. ഈ സുവിശേഷം എന്താണ്; ദൈവം സ്നേഹമാകുന്നു. ദൈവം ഇന്നലെയും ഇന്നും നാളെയും സ്നേഹമാകുന്നു. ദൈവ സ്നേഹത്തിന്റെ വിളമ്പുകാരനാണ് മനുഷ്യൻ. അതിനുള്ള അവസരമാണ് തൊഴിൽ, കുടുംബം, സമൂഹം, രാഷ്ട്രം,

www.malankaralibrary.com

അന്താരാഷ്ട്ര സമൂഹം എന്നിവ (സഭ ആധുനിക ലോകത്തിൽ). ഈ മേഖലയിൽ ഓരോ സാധാരണ മനുഷ്യനും പ്രവർത്തിക്കാനുള്ളതിൽ നിന്ന് വ്യത്യസ്തമായി എന്താണ് പുരോഹിതനുള്ളത്?

സ്നേഹിക്കുക എന്നതാണ് ഓരോ മനുഷ്യന്റേയും ദൗത്യം. എന്നാൽ യേശു ക്രിസ്തുവിനെ സ്വന്തമാക്കി യേശു ക്രിസ്തുവിനെ നൽകുക എന്നതാണ് പുരോഹിതന്റെ ദൗത്യം. എങ്കിൽ എന്തിനാണ് ഒരുവന് യേശുക്രിസ്തുവിനെ നൽകുന്നത്? ലോകത്തിൽ ജീവിക്കുന്ന എല്ലാ മനുഷ്യർക്കും യേശു ക്രിസ്തുവിനെ നൽകണമോ? പുരോഹിതന്റെ പ്രാഥമിക ലക്ഷ്യവും, അന്തിമ ലക്ഷ്യവും യേശുവിനെ നൽകുക എന്നതാണ്. പുരോഹിതരല്ലാത്തവരുടെ (a) പ്രാഥമിക ലക്ഷ്യം തൊഴിൽ, കുടുംബം, സമൂഹം, രാഷ്ട്രം, അന്താരാഷ്ട്ര സമൂഹം എന്നിവ നിർമ്മിക്കലാണ് (b) അന്തിമലക്ഷ്യം യേശുവിനെ നൽകലും. യേശുവിനെ നൽകൽ എന്നത് സ്നേഹിക്കലാണോ?

**രക്ഷാരഹസ്യവും മനുഷ്യാസ്തിത്വത്തിലെ മുറിവുണക്കലും**

മനുഷ്യന്റെ ജീവിതത്തിൽ ഏറ്റവും വിലയേറിയത് യേശുവിനെ ലഭിക്കുന്നതാണോ? രക്ഷാകര രഹസ്യത്തിന് മനുഷ്യജീവന്റെ അസ്തിത്വവുമായി എന്ത് ബന്ധമാണുള്ളത്? രക്ഷാ രഹസ്യവും മനുഷ്യന്റെ അസ്തിത്വവും തമ്മിലുള്ള ബന്ധം വ്യക്തമായാലാണ് യേശുവിന്റെ വില തിരിച്ചറിയുന്നത്.

1) മനുഷ്യന്റെ അടിസ്ഥാന സ്വഭാവം സ്നേഹിക്കുകയാണെന്നും,

2) സ്നേഹം എന്നത് സ്വീകരിച്ചുകൊണ്ട് നൽകുന്ന പ്രക്രിയയാണെന്നും,

3) സ്വീകരിക്കാതെ തന്നെ നൽകുന്ന അവസ്ഥയിലേക്ക് വളരുന്നതാണ് സമ്പൂർണ്ണ സ്നേഹമെന്നും,

4) അതാണ് മനുഷ്യത്വമെന്നും നാം മനസ്സിലാക്കി. സ്വീകരിക്കാതെ നൽകാൻ കഴിയില്ല എന്നതാണ് ലോകത്തിലെ എല്ലാ ജീവജാലങ്ങളുടേയും പരിമിതി. ആരിൽ നിന്നാണ് മനുഷ്യന് സ്നേഹം ലഭിക്കുക? അമ്മ, അപ്പൻ, സഹോദരി സഹോദരന്മാർ, ബന്ധുമിത്രാദികൾ, സ്നേഹിതർ, സമൂഹം, രാഷ്ട്രം, അന്താരാഷ്ട്ര സമൂഹം എന്നിവയിൽ നിന്നെല്ലാം നാം സ്നേഹം സ്വീകരിക്കുന്നു. എന്നാൽ ഈ സ്നേഹത്തിനൊന്നും മനുഷ്യന്റെ അനന്തതയ്ക്കായുള്ളതും ശമനം കണ്ടെത്താൻ കഴിയാത്തതുമായ ആഗ്രഹത്തെ (Desire to posses) സംതൃപ്തിപ്പെടുത്താൻ കഴിയില്ല. കാരണം മനുഷ്യന്റെ ആഗ്രഹം അനന്തമാണെന്ന് ശ്രീബുദ്ധനും, ജ്ഞാനത്തിന്റെ പുസ്തകവും, ആധുനിക സാമ്പത്തിക ശാസ്ത്രവും ചൂണ്ടിക്കാണിക്കുന്നു. മനുഷ്യന്റെ അനന്തമായ ആഗ്രഹത്തെ സംതൃപ്തിപ്പെടുത്താൻ ദൈവത്തിന്റെ അനന്തമായ സ്നേഹത്തിനു മാത്രമേ കഴിയൂ. ഈ സ്നേഹം നാം അനുഭവിക്കുന്നത് പരിശുദ്ധാത്മാവിലൂടെയാണ്. വി. പൗലോസിന്റെ വാക്കുകളിൽ; "നമുക്ക് നൽകപ്പെട്ട

www.malankaralibrary.com

പരിശുദ്ധാത്മാവിലൂടെ ദൈവത്തിന്റെ സ്നേഹം മനുഷ്യ ഹൃദയങ്ങളിലേക്ക് ചൊരിയപ്പെട്ടിരിക്കുന്നു." (റോമർ 5 : 6). ദൈവസ്നേഹത്താൽ നിറയുമ്പോൾ മാത്രമേ ഞാൻ സ്നേഹിക്കപ്പെടുന്നുവെന്ന് ഒരുവന് അനുഭവിക്കാൻ കഴിയുക. ഈ അനുഭവത്തിൽ നിന്നാണ് ഒരുവന് മറ്റുള്ളവരെ സമ്പൂർണ്ണമായി സ്നേഹിക്കാൻ കഴിയുക. നിയമത്തിന്റെ നിർബന്ധമില്ലെങ്കിൽ മനുഷ്യന് നീതി പ്രവർത്തിക്കാൻ പോലും കഴിയുന്നില്ല. എങ്കിൽ എങ്ങിനെയാണ് അവന് പൂർണ്ണ സ്നേഹത്തിലേക്ക് (Agape സ്വീകരിക്കാതെ നൽകുന്നതിലേക്ക്) വളരാൻ കഴിയുക? യേശു മനുഷ്യന്റെ അസ്തിത്വ പ്രശ്നം ചൂണ്ടിക്കാണിക്കുന്നു; "നിങ്ങളിൽ ദൈവസ്നേഹം ഇല്ല." (യോഹന്നാൻ 5 : 42). പരിശുദ്ധാത്മാവിനാൽ ദൈവത്തിന്റെ സ്നേഹം മനുഷ്യനിൽ ചൊരിയപ്പെടുന്നില്ലെങ്കിൽ മനുഷ്യൻ ആന്തരികമായി വിഭജിക്കപ്പെടുന്നു. മനുഷ്യനിലെ ആന്തരിക വിഭജനം ഇല്ലാതാക്കുന്നത് പരിശുദ്ധാത്മാവാണ്. പരിശുദ്ധാത്മാവിനെ ലഭിക്കാനുള്ള മാർഗ്ഗം യേശുവാണ്. ദൈവസ്നേഹം മനുഷ്യനിൽ ഇല്ലാത്തതാണ് മനുഷ്യനിലെ ആന്തരിക വിഭജനത്തിന്റെ കാരണം. എങ്കിൽ എന്താണ് മനുഷ്യനിലെ ആന്തരിക വിഭജനം.

**സ്നേഹത്തിന്റെ അഭാവവും, മനുഷ്യനിലെ ആന്തരിക വിഭജനവും**

സ്നേഹത്തിന്റെ അഭാവം മനുഷ്യാസ്തിത്വത്തിൽ പ്രശ്നങ്ങളുണ്ടാക്കുമോ? അത് മനസ്സിലാകണമെങ്കിൽ സ്വീകരിക്കുന്ന സ്നേഹം, നൽകുന്ന സ്നേഹം എന്നിവ തൊഴിൽ, കുടുംബം, രാഷ്ട്രം എന്നിവിടങ്ങളിൽ പ്രയോഗവൽക്കരിക്കപ്പെടുമ്പോൾ ഉണ്ടാകുന്ന പ്രതിസന്ധികൾ വ്യക്തമാകണം. തൊഴിലിടത്തിൽ സ്വീകരിക്കുന്ന സ്നേഹം ഉപഭോഗവും (കൂലി) നൽകുന്ന സ്നേഹം ഉല്പാദനവുമാണ്, കുടുംബത്തിൽ സ്വീകരിക്കുന്ന സ്നേഹം ലൈംഗികതയും, നൽകുന്ന സ്നേഹം കുഞ്ഞുങ്ങൾക്ക് ജീവൻ നൽകി സംരക്ഷിച്ച് വളർത്തുന്നതാണ്. രാഷ്ട്രത്തിൽ സ്വീകരിക്കുന്ന സ്നേഹം ജനങ്ങളുടെ വിധേയത്വവും, നൽകുന്ന സ്നേഹം ശുശ്രൂഷയുമാണ്. (Servent of people and their protector). **അനന്തമായ ആഗ്രഹത്തെ ഉപഭോഗം കൊണ്ടും, ലൈംഗികത കൊണ്ടും, വിധേയത്വം കൊണ്ടും തൃപ്തിപ്പെടുത്താൻ കഴിയുമോ?** ദൈവസ്നേഹത്തിന്റെ അഭാവത്തിൽ മനുഷ്യൻ തൊഴിൽ ചെയ്യാൻ (നൽകുന്ന സ്നേഹം) ദുഃഖിതനും ഉപഭോഗം ചെയ്യാൻ (സ്വീകരിക്കുന്ന സ്നേഹം) സന്തോഷവാനും ആയിരിക്കും. ലൈംഗിക വേഴ്ച നടത്താൻ (സ്വീകരിക്കുന്ന സ്നേഹം) സന്തോഷവാനും കുഞ്ഞുങ്ങളെ വളർത്താൻ (നൽകുന്ന സ്നേഹം) ദുഃഖിതനും ആയിരിക്കും. അധികാരം പ്രയോഗിക്കാൻ അഥവാ അനുസരണം ലഭിക്കുമ്പോൾ (സ്വീകരിക്കുന്ന സ്നേഹം) സന്തോഷവാനും, ശുശ്രൂഷ ചെയ്യുവാൻ (നൽകുന്ന സ്നേഹം) ദുഃഖിതനുമായിരിക്കും. മറ്റൊരു വിധത്തിൽ ഉപഭോഗം ചെയ്യുക, ലൈംഗിക വേഴ്ച നടത്തുക, അധികാരിയായി വിധേയത്വം അനുഭവിക്കുക എന്നിവയിൽ

www.malankaralibrary.com

സന്തുഷ്ടനും, ഉല്പാദിപ്പിക്കുക, കുഞ്ഞിനെ വളർത്തുക, അനുയായികളെ സംരക്ഷിക്കുക എന്നിവയിൽ ദുഃഖിതനുമായിരിക്കും.

മൃഗസ്വഭാവം പരിശോധിച്ചാൽ മൃഗങ്ങളുടെ ആൺവർഗ്ഗം (ഭൂരിഭാഗം വർഗ്ഗങ്ങളിലും) സ്വന്തം ഭക്ഷണം, സ്വന്തം ലൈംഗീകസുഖം, സ്വന്തം അധികാരം എന്നീ മൂന്ന് കാര്യങ്ങളിലേക്ക് കേന്ദ്രീകൃതമായിരിക്കുന്നത് നിരീക്ഷിക്കാം. നൽകപ്പെടുന്ന സ്നേഹം മനുഷ്യനെ പ്രചോദിപ്പിക്കുന്നില്ലെങ്കിൽ മൃഗത്തെ അതിജീവിക്കുന്ന സ്വഭാവം മനുഷ്യനിൽ നിന്ന് നഷ്ടപ്പെടുകയും മനുഷ്യൻ മൃഗത്തേക്കാൾ മോശം അവസ്ഥയിലേക്ക് നിപതിക്കുകയും ചെയ്യുന്നു. മൃഗങ്ങൾ ഇണചേർന്നാൽ ഇണയെ മറക്കും, മറ്റൊരു ഇണയെ തേടിപോകും, എന്നാൽ സ്നേഹം നഷ്ടപ്പെടുമ്പോൾ മനുഷ്യൻ ഇണചേർന്നതിനുശേഷം ഇണയെ മറക്കുക മാത്രമല്ല, തീവ്രവാദികൾക്കും വേശ്യാലയങ്ങൾക്കും വിൽക്കാനും തയ്യാറാകും. മറ്റൊരു വിധത്തിൽ സമൂഹത്തിലെ പ്രശ്നങ്ങൾ ആരംഭിക്കുന്നത് മനുഷ്യന്റെ മനുഷ്യത്വമായ സ്നേഹം നഷ്ടപ്പെടുമ്പോൾ, മനുഷ്യനിൽ സംഭവിക്കുന്ന ആന്തരിക വിഭജനമാണ്. അവകാശത്തിൽ നിന്ന് കടമയെയും, സുഖത്തിൽ നിന്ന് ഉത്തരവാദിത്വത്തേയും വേർപ്പെടുത്തുന്നു. അത് മനുഷ്യൻ ചെയ്യുന്ന ബോധപൂർവ്വകമായ പ്രവർത്തിയല്ല, പ്രത്യുത നിത്യമായ സ്നേഹം അനുഭവിക്കാത്ത മനുഷ്യന് അങ്ങിനെയെ കഴിയൂ.

**ആദിപാപവും സ്നേഹത്തിന്റെ നഷ്ടവും**

"നിങ്ങളിൽ ദൈവസ്നേഹം ഇല്ല" എന്ന് യേശു പറയുമ്പോൾ അതിന്റെ അർത്ഥം എന്താണ്? ഈ സ്നേഹം ദൈവം നൽകിയത് മനുഷ്യന് നഷ്ടപ്പെട്ടതാണോ? അതോ ആർക്കും അസ്തിത്വപരമായി അങ്ങിനെ ഒരു കഴിവ് ഇല്ലാത്തതാണോ? ഈ ചോദ്യത്തിന്റെ ഉത്തരമാണ് ആദിപാപം. ഒരു മനുഷ്യന്റെ പാപം മൂലം മരണം ലോകത്തിലേക്ക് കടന്നുവന്നു. മറ്റൊരു മനുഷ്യന്റെ അനുസരണം മൂലം ജീവൻ ലഭിച്ചു."

ആദിപാപം വഴി മനുഷ്യന് നഷ്ടപ്പെട്ടത് എന്താണെന്ന് മനസ്സിലാകുന്നത് രക്ഷ വഴി എന്താണ് ലഭിക്കുന്നതെന്ന് വ്യക്തമാകുമ്പോഴാണ്. രക്ഷാകര രഹസ്യത്തിന്റെ – യേശുവിന്റെ പീഢാനുഭവം, മരണം, ഉത്ഥാനം – എന്നതിന്റെ ലക്ഷ്യമെന്ത്? സീറോ മലബാർ സഭയുടെ വി. കുർബ്ബാനയിൽ നിന്ന് മനസ്സിലാക്കേണ്ടത് എന്താണ്? പരിശുദ്ധാത്മാവിനെ സ്വീകരിക്കുക (epic lesis) എന്നതിലാണ് വി. കുർബ്ബാന അവസാനിക്കുന്നത് ഉത്ഥാനശേഷം സ്വർഗ്ഗാരോഹണം ചെയ്യുന്നതിന് മുൻപ് യേശു പറയുന്നു പരിശുദ്ധാത്മാവിനെ സ്വീകരിക്കു." ശേഷം "അവൻ അവരുടെ മേൽ നിശ്വസിച്ചു" (യോഹന്നാൻ 20.22). ഈ നിശ്വസനം ഉല്പത്തി പുസ്തകത്തിൽ വിവരിക്കുന്ന നിശ്വസനത്തിന്റെ പുനരാവിഷ്കരണമാണ് (ജോൺ പോൾ രണ്ടാമൻ, കർത്താവും ജീവദാതാവും). എന്നാൽ ആദിയിൽ ദൈവം ആദാമിന് നൽകിയ നിശ്വസനം പരിശുദ്ധാത്മാവല്ല എന്ന് വി. അഗസ്റ്റിൻ അഭിപ്രായപ്പെടുന്നു. ഇവിടെ വി. അഗസ്റ്റിന് തെറ്റുപറ്റിയതാണ്. ഇതാണ്

www.malankaralibrary.com

പാശ്ചാത്യ പൗരസ്ത്യ ദൈവശാസ്ത്രത്തിലെ പ്രധാന വ്യത്യാസം. ആദിപാപം ചെയ്യുന്നതിന് മുൻപ് ആദാമിൽ (മനുഷ്യനിൽ) ഇല്ലാതിരുന്ന ഒന്നും തന്നെ യേശു ക്രിസ്തു രക്ഷയിലൂടെ നൽകുന്നില്ല. എല്ലാ കൂദാശകളും മനുഷ്യന്റെ ആദിപാപം ചെയ്യുന്നതിന് മുൻപുള്ള മനുഷ്യനിലേക്ക് പുനരുദ്ധരിക്കുന്നതാണ്. അതുകൊണ്ട് സഭയുടെ അടിസ്ഥാന ദൗത്യം മുറിവേറ്റ "മനുഷ്യനെ" ചികിത്സിച്ച് പൂർണ്ണ മനുഷ്യനാക്കുന്ന പ്രക്രിയയാണ്. മറ്റൊരു വിധത്തിൽ ക്രൈസ്തവ ചിന്തയിൽ ദേവാലയം ആശുപത്രിയാണ്, പുരോഹിതൻ മുറിവേറ്റവനെ വെച്ചു കെട്ടുന്ന വൈദ്യനാണ്. ആദിപാപം വഴി നഷ്ടപ്പെട്ട പരിശുദ്ധാത്മാവിനെ യേശു വഴി തിരികെ ലഭിക്കുമ്പോൾ മനുഷ്യനിൽ ദൈവസ്നേഹം നിറയുന്നു. ഇതിലൂടെ മനുഷ്യന്റെ ആന്തരിക വിഭജനം സുഖപ്പെടുകയും ലഭിക്കുന്നതിനേക്കാൾ കൂടുതൽ നൽകുന്ന സമ്പൂർണ്ണ സ്നേഹത്തിലേക്ക് വളരുകയും ചെയ്യും. സമ്പൂർണ്ണ സ്നേഹത്തിലേക്കുള്ള വളർച്ചയാണ് വിശുദ്ധി.

**എന്താണ് മുറിവ്?**

ദൈവം ആദാമിനെ (മനുഷ്യനെ) യേശു ക്രിസ്തുവിനറെ ചായയിൽ (replica) സൃഷ്ടിച്ച്, അവന് പരിശുദ്ധാത്മാവിനെ നൽകി. പരിശുദ്ധാത്മാവിന്റെ സഹവാസം മനുഷ്യനിൽ ഉള്ളതുകൊണ്ട് ദൈവം എന്നെ സ്നേഹിക്കുന്നുവെന്ന അനുഭവത്തിലാണ് മനുഷ്യൻ (ആദാം). മറ്റൊരു വിധത്തിൽ ആരംഭമുള്ള സൃഷ്ടിയായ മനുഷ്യൻ നിത്യത (infinity) യാണ് അനുഭവിക്കുന്നത്. നിത്യത അനുഭവിക്കുന്നവന് ഞാൻ സൃഷ്ടിയാണെന്ന് എങ്ങിനെ ഓർമ്മിക്കാൻ കവിയും? ഒരു പരിമിത സൃഷ്ടസത്തയാണെന്ന് മറക്കാൻ (amnesia) മനുഷ്യന് കഴിയുന്നതുകൊണ്ട്, അവൻ സ്വയം സൃഷ്ടാവാണെന്ന് പ്രഖ്യാപിച്ചതാണ് പാപം. ഈ പ്രഖ്യാപനം ദൈവത്തിന്റെ ആവശ്യമില്ലെന്ന തീരുമാനമാണ്. ദൈവവുമായുള്ള ബന്ധം മുറിയുമ്പോൾ പരിശുദ്ധാത്മാവുമായുള്ള സഹവാസം നഷ്ടപ്പെട്ട്, ഞാൻ ദൈവത്താൽ സ്നേഹിക്കപ്പെടുന്നുവെന്ന അനുഭവം ഇല്ലാതായി. അന്നു മുതൽ മനുഷ്യൻ വ്യക്തിസത്തകളും ഭൗതിക വസ്തുക്കളും സ്വന്തമാക്കി സ്നേഹിക്കപ്പെടുന്നുവെന്ന് അനുഭവിക്കാൻ ശ്രമിക്കുന്നു, പരാജയപ്പെടുന്നു. പരിശുദ്ധാത്മാവിന്റെ നഷ്ടമാണ് ആദിപാപത്തിന്റെ അനന്തരഫലം, ഇതിലൂടെ മനുഷ്യൻ ആന്തരികമായി വിഭജിതനായി. സേന്ഹിക്കപ്പെടുക (ലഭിക്കുന്ന സ്നേഹം) സ്നേഹിക്കുക (നൽകുന്ന സ്നേഹം) എന്നതിന്റെ ചലനം നഷ്ടപ്പെട്ട് എന്നെ ആരും സ്നേഹിക്കുന്നില്ല എന്ന അസ്തിത്വ ദുഃഖവുമായി ജീവിക്കുന്നു. ഇതാണ് കായേന്റെ ദുഃഖം. ദൈവത്തിന് എന്നോട് സ്നേഹമില്ല, അവനോട് ഉണ്ട്. ദൈവവുമായി ബന്ധം പുനസ്ഥാപിച്ച് പരിശുദ്ധാത്മാവിനെ നൽകുക എന്നതാണ് രക്ഷാസംഭവത്തിന്റെ ആകെത്തുക. പരിശുദ്ധാത്മാവിനെ ലഭിച്ച മനുഷ്യനിൽ ഒരിക്കലും ഞാൻ സ്നേഹിക്കപ്പെടുന്നില്ല എന്ന ചിന്ത രൂപംകൊള്ളുന്നില്ല.

**എന്തിനാണ് യേശു?**

പിതാവായ ദൈവത്തിന്റെ പ്രതിഛായയായാം പുത്രൻ. പുത്രൻ സത്യമാണ്. വചനമാണ്. സത്യത്തിലാണ് പരിശുദ്ധാത്മാവ് വസിക്കുക. ആദാം (മനുഷ്യൻ) സത്യമായിരുന്നു, അവൻ

www.malankaralibrary.com

യേശു ക്രിസ്തുവിന് സമാനനായിരുന്നു (Similar, replica) സമനല്ല (not equal). സത്യത്തിൽ മാത്രമേ പരിശുദ്ധാത്മാവ് വസിക്കുകയുള്ളൂ. ദൈവത്തെ നിഷേധിച്ചതിലൂടെ മനുഷ്യനിലെ സത്യം തകർന്നു വീണു. സത്യത്തെ പുനരുദ്ധരിക്കുമ്പോൾ, പരിശുദ്ധാത്മാവ് വസിക്കുന്നു. സത്യമായ യേശുവിന്റെ ഛായ ആദിയിൽ ദൈവം ആദാമിന് നൽകിയിരുന്നു. എന്നാൽ ദൈവത്തെ നിഷേധിച്ചതിലൂടെ മനുഷ്യനിലെ യേശു ഛായ അഥവാ സത്യം തകർന്നു വീണു. ആദിപാപത്തിലൂടെ മനുഷ്യന്റെ ഉള്ളിലെ ക്രിസ്തുവിനെ കൊന്നു. കാൽവരിയിൽ ഓർമ്മിപ്പിക്കുന്നത് ആദിപാപം വഴി മനുഷ്യൻ തന്നോട് തന്നെ ചെയ്ത തെറ്റാണ്. ഈ തെറ്റിന്റെ ചരിത്രപരമായ പ്രകാശനമാണ് കുരിശുമരണം. വിശുദ്ധ കർബ്ബാന യേശുവാണ്, വിശുദ്ധ കുർബ്ബാനയിൽ പരിശുദ്ധാത്മാവ് വസിക്കുന്നു.

വിശുദ്ധ കുർബ്ബാനയിലൂടെ പരിശുദ്ധാത്മാവ് മനുഷ്യനിലേക്ക് കടന്നുവരുന്നു. അങ്ങിനെ മനുഷ്യൻ സ്നേഹിക്കപ്പെടുന്നുവെന്ന് അനുഭവിക്കുന്നു. അവന് സ്നേഹിക്കാൻ കഴിയുന്നു.

അതുകൊണ്ട് യേശുവിനെ സ്വന്തമാക്കാത്തവനിൽ പരിശുദ്ധാത്മാവില്ല, ദൈവസ്നേഹമില്ല. ഈ അർത്ഥത്തിലാണ് യേശു പറയുന്നത് പത്രോസ് നീ മറ്റുള്ളവരേ സ്വന്തമാക്കാൻ ആഗ്രഹിക്കുന്നതിനേക്കാൾ കൂടുതൽ എന്നെ സ്വന്തമാക്കാൻ ആഗ്രഹിക്കുന്നുവോ?

യേശുവിനെ സ്വന്തമാക്കിയ മനുഷ്യന് ഒരു കാര്യം വ്യക്തമാകും. എന്റെ സഹോദരന് എനിയ്ക്കു നൽകാവുന്ന ഏറ്റവും വലിയ സമ്മാനം യേശു ക്രിസ്തുവാണ്. യേശു ക്രിസ്തുവിനെ ഒരുവന് ഞാൻ നൽകുമ്പോൾ അവന് അവനെയാണ് നൽകുന്നത്. ഒരുവനോട് യേശു ക്രിസ്തുവിനെ കുറിച്ച് സംസാരിക്കുമ്പോൾ അവനോട് അവനെ കുറിച്ചാണ് സംസാരിക്കുന്നത്. യേശു ക്രിസ്തുവിനെ നൽകുക എന്ന എകലക്ഷ്യത്തിനായി മനുഷ്യവർഗ്ഗത്തെ സ്നേഹിക്കാൻ പരിശുദ്ധാത്മാവ് നൽകുന്ന പ്രചോദനമാണ് പുരോഹിത ധർമ്മം. ഇതിനു മാത്രമായി ജീവിക്കാൻ നീ തയ്യാറുണ്ടോ? യേശുക്രിസ്തുവിനെ സ്വന്തമാക്കുന്നതിന്റെ അളവനുസരിച്ച് പരിശുദ്ധാത്മാവിൽ നിറയും. അത്രയ്ക്ക് അളവിൽ മറ്റുള്ളവരെ ജീവൻ നൽകുവോളം സ്നേഹിക്കും. മറ്റൊരു വിധത്തിൽ തൊഴിലിലൂടെയും, കുടുംബത്തിലൂടെയും മനുഷ്യൻ സ്നേഹം വിളമ്പുമ്പോൾ പുരോഹിതൻ സ്നേഹത്തിന്റെ സ്രോതസ്സായ, യേശുക്രിസ്തുവിനെ വിളമ്പുന്നു. വിവിധ ഭാഷകൾ, തത്വശാസ്ത്രം, ദൈവശാസ്ത്രം എന്നിവ ഒരുവൻ പഠിക്കുന്നത് അനുഭവിച്ച യേശുവിനെ സ്വയം മനസ്സിലാക്കാനും, മറ്റുള്ളവരുടെ യേശുക്രിസ്തുവിനെ കുറിച്ചുള്ള ചോദ്യങ്ങൾക്ക് ഉത്തരം നൽകാനുമാണ് (I peter 3 : 15).

**യഹൂദ പുരോഹിതനും ക്രൈസ്തവ പുരോഹിതനും തമ്മിലുള്ള വ്യത്യാസം**

യേശുവിനെ സ്വന്തമാക്കുന്നവൻ യേശുവിനെപോലെയാകും. യേശുവിന്റെ പൗരോഹിത്യം യഹൂദ പൗരോഹിത്യത്തിൽ നിന്ന് വളരെ വ്യത്യസ്ഥമാണ്.

www.malankaralibrary.com

1) **മദ്ധ്യസ്ഥനെ കൂടാതെ ഒരുവനെ ദൈവവുമായി അനുരഞ്ജിപ്പിക്കുന്ന മദ്ധ്യസ്ഥനാണ് പുരോഹിതൻ**

യഹൂദന്മാർക്ക് പുരോഹിതനു മാത്രമേ ദൈവവുമായി സംസാരിക്കാനുള്ള കഴിവ് നൽകപ്പെട്ടിരിക്കുന്നത്. മോശയോട് മാത്രമേ ദൈവം സംസാരിക്കു എന്നു ചോദിച്ചതിന് അഹറോന്റെ ഭാര്യക്ക് കുഷ്ഠം ബാധിച്ചു. അതുകൊണ്ട് പഴയ നിയമത്തിൽ പുരോഹിതൻ ദൈവത്തിനും മനുഷ്യനുമിടയിലുള്ള മദ്ധ്യസ്ഥനാണ്.

എന്നാൽ ക്രിസ്തുമതമനുസരിച്ച് മനുഷ്യഹൃദയം പരിശുദ്ധാത്മാവിന്റെ ആലയമാണ്. സ്നേഹിക്കുന്ന മനുഷ്യനിലേക്ക് പരിശുദ്ധാത്മാവ് പ്രവേശിക്കുന്നു. നൽകുന്ന സ്നേഹത്തിനുള്ള കഴിവ് മനുഷ്യനുണ്ട്. ഈ കഴിവ് പ്രയോഗിക്കുമ്പോൾ മറ്റു മനുഷ്യരുമായുള്ള ബന്ധം അഥവാ കൂട്ടായ്മ രൂപപ്പെടുന്നു. ഈ കൂട്ടായ്മയാണ് സഭ. മനുഷ്യന്റെ ആന്തരിക പ്രചോദനം നൽകുന്ന സ്നേഹിക്കാനുള്ള പ്രേരണ ബലം പ്രയോഗിച്ച് പ്രാവർത്തികമാക്കുമ്പോൾ സഹായകനായ പരിശുദ്ധാത്മാവ് മനുഷ്യനിൽ നിറയുന്നു. ഓരോരുത്തനും ദൈവഹിതം തിരിച്ചറിയുന്നു. ദൈവത്തോട് നേരിട്ട് സംസാരിക്കാൻ യേശു ശിഷ്യന്മാരോട് ഉപദേശിക്കുന്നു. (യോഹന്നാൻ 16; 27). ഇത്തരം ഒരു അവസ്ഥയിലേക്ക് യേശു ശിഷ്യന്മാരെ വളർത്തി. ഈ അവസ്ഥയിലേക്ക് ഓരോ മനുഷ്യനേയും വളർത്തുന്നവനാണ് പുരോഹിതൻ. ഓരോരുത്തനേയും പുരോഹിതനാക്കുന്ന പുരോഹിതനാണ് ക്രൈസ്തവ പുരോഹിതൻ. ഇതിനെ ശുശ്രൂഷാ പൗരോഹിത്യം എന്ന് വിളിയ്ക്കുന്നു. യഹൂദ ചിന്തയിൽ പുരോഹിതനെ കൂടാതെ ഒരു മനുഷ്യന് നിലനില്പില്ല. എന്നാൽ മദ്ധ്യസ്ഥനെ കൂടാതെ ഒരുവന് ദൈവത്തെ സമീപിക്കാൻ കഴിവു നൽകുന്ന മധ്യസ്ഥനാണ് ക്രൈസ്തവ പുരോഹിതൻ. പാപം മൂലമാണ് മനുഷ്യന് ദൈവത്തിനോട് നേരിട്ട് സംസാരിക്കാൻ ധൈര്യമില്ലാത്തത്.

2) **പരിശുദ്ധ ആരാധനയുടെ അദ്ധ്യക്ഷനാണ് പുരോഹിതൻ**

ബലിയിൽ നിന്ന് സ്വയം സമർപ്പണത്തിലേക്കുള്ള മാറ്റമാണ് ക്രിസ്തുവിന്റെ മരണം. ലോകമെമ്പാടും ദൈവത്തെ പ്രീതിപ്പെടുത്താൻ മനുഷ്യനെ ബലികൊടുത്തിരുന്നു. ദൈവത്തെ സംതൃപ്തിപ്പെടുത്താൻ ഏറ്റവും വിലയുള്ളത് നൽകുക എന്നത് ചില സമൂഹങ്ങളിൽ കടിഞ്ഞൂൽ പുത്രൻ എന്നതായിമാറി. അബ്രഹാമിന്റെ ഗോത്രത്തിൽ ദൈവ പ്രീതിയ്ക്കായി കടിഞ്ഞൂൽ പുത്രനെയാണ് ബലിയർപ്പിച്ചിരുന്നത്. അബ്രഹാമിന്റെ ആന്തരികതയിൽ മനസ്സിലായി അത് തെറ്റാണ്. അബ്രഹാം മകനു പകരം ആടിനെ ബലിയർപ്പിച്ചു. യഹൂദന്മാർ ഈ ആചാരം തുടരുന്നതാണ് പെസഹാ ആചരണം. പണം, പ്രാവ്, ആട്മാടുകൾ എന്നിവയാണ് ദൈവത്തെ പ്രീതിപ്പെടുത്താൻ യഹൂദന്മാർ ബലികൊടുത്തിരുന്നത്. യഹൂദന്മാരും, മുസ്ലീമുകളും ഇപ്പോഴും ആടിനെ ബലിയർപ്പിക്കൽ തുടരുന്നു.

ദൈവത്തെ പ്രീതിപ്പെടുത്താൻ ഒരുവൻ ദൈവത്തിന് നൽകേണ്ടത് അവന്റെ പണമോ, ആടുമാടുകളോ, മറ്റു മനുഷ്യരുടെ ജീവനോ അല്ല. ഓശാന ദിവസത്തെ ദേവാലയ ശുദ്ധീകര

www.malankaralibrary.com

ണത്തിലൂടെ യേശു പരമ്പരാഗത ബലി സങ്കൽപ്പത്തെയും, പൗരോഹിത്യ സങ്കല്പത്തേയും തകർക്കുന്നു. ദൈവം ദൈവത്തിന്റെ ജീവനാണ് ഒരുവന് നൽകുന്നത്. അതിന് പകരമായി ഒരുവൻ ദൈവത്തിന് നൽകേണ്ടത് അവന്റെ തന്നെ ജീവനാണ്. "വിധവ തന്റെ ജീവിതമാണ്" കാണിക്കയായി നിക്ഷേപിച്ചത്. ഈ കാണിക്കയാണ് യേശു കാൽവരിയിൽ അർപ്പിക്കുന്നത്. "പിതാവെ ഞാൻ എന്നെ അങ്ങയുടെ കരങ്ങളിൽ സമർപ്പിക്കുന്നു" എന്ന പ്രസ്താവനയോടെ യേശു ജീവൻ വെടിഞ്ഞു. അതുകൊണ്ട് ക്രൈസ്തവർക്ക് ബലിയെന്നാൽ സ്വയം സമർപ്പണമാണ്. വി. കുർബ്ബാനയെന്ന് ഒരിക്കലും സഭാ രേഖകളിൽ കാണുന്നില്ല. അതിനുപകരം പരിശുദ്ധ ആരാധന (Holy liturgy) എന്നാണ് ഞായറാഴ്ച കൂടി വരവിനെ രേഖപ്പെടുത്തുന്നത്. സീറോ - മലബാർ സഭയുടെ പരിശുദ്ധ ആരാധനയുടെ കേന്ദ്രം സമർപ്പണ (അനാഫെറ) പ്രാർത്ഥനയാണ്.

യേശുവൊഴികെ എല്ലാവരും സ്വയം, സത്യത്തെ തകർത്തവരാണ്. അല്ലെങ്കിൽ അവരിലെ യേശു വ്യക്തിത്വത്തെ കരിപുരണ്ടതാക്കിയവരാണ്. അതുകൊണ്ട് ദൈവത്തിന്റെ മുഖത്തു നോക്കാൻ മനുഷ്യൻ (ആദാം) ഭയക്കുന്നു (ഉല്പത്തി). ദൈവത്തിന്റെ മുഖത്തുനോക്കാൻ ഭയമില്ലാത്ത ഒരേയൊരു മനുഷ്യൻ യേശുക്രിസ്തുവാണ്. അവൻ പാപമൊഴികെ സകലത്തിലും മനുഷ്യനായി താദാത്മ്യം പ്രാപിച്ചവനാണ്. ഓരോ ആരാധനയിലും യേശുവിനെ ഉയർത്തിപ്പിടിച്ച് ജനം ദൈവത്തെ മുഖത്തോടു മുഖം നോക്കി സ്വയം സമർപ്പിക്കുന്നു. അപ്പോൾ ദൈവം യേശുവിലൂടെ ഓരോരുത്തർക്കും പരിശുദ്ധാത്മാവിനെ തരുന്നു, പരിശുദ്ധാത്മാവ് ഓരോരുത്തനേയും യേശുവായി രൂപാന്തരപ്പെടുത്തുന്നു. പരിശുദ്ധ ആരാധനയ്ക്ക് ദൈവജനത്തെ നയിക്കുന്നവനാണ് (സ്നാപകന്റെ വാക്കുകളിൽ യേശുവിനായി വഴിയൊരുക്കുന്നവനാണ്) പുരോഹിതൻ. മുഴുവൻ സമയവും യേശുവിനെ നൽകുക എന്ന ജീവിതാന്തസ്സ് തിരഞ്ഞെടുത്തവർ പുരോഹിതരായിരിക്കുന്നതാകും ഉചിതം.

**3) ദൈവകൃപയുടെ വിളമ്പുകാരനാണ് പുരോഹിതൻ**

ദൈവത്തെ സമീപിക്കാൻ ധൈര്യം നഷ്ടപ്പെട്ട മനുഷ്യന്റെ (ആദമിന്റെ) അവസ്ഥ ബലിയർപ്പിക്കാനുള്ള കഴിവുകേടായി ദാനിയേൽ പ്രവാചകൻ അവതരിപ്പിച്ചിരുന്നു. (ദാനിയേൽ 3 : 15-18). പശ്ചാത്താപ വിവശമായ ഒരു ഹൃദയം മാത്രമാണ് തീച്ചൂളയിൽ കിടക്കുന്ന മൂന്ന് യുവാക്കൾക്ക് സ്വന്തമായിട്ടുള്ളത്. സദ് പ്രവൃത്തികൾ കൈവശം വെച്ച് ദേവാലയത്തിലേക്ക് പോകാൻ മനുഷ്യനു കഴിയുമോ? എല്ലാ കല്പനകളും പാലിച്ച ധനികനായ യുവാവും, ഫരിസേയനും അർപ്പിക്കുന്ന ബലി സ്വീകാര്യമാണോ?

വി. പൗലോസ് പറയുന്നത് ദൈവകല്പനകൾ പാലിച്ച്, ദൈവത്തോട് നൂറു ശതമാനം വിശ്വസ്ഥനായ ഒരു മനുഷ്യനും ലോകത്തിൽ ജീവിച്ചിരുന്നിട്ടില്ല എന്നാണ് (യേശുവും മറിയവും ഒഴികെ). അബ്രഹാമും മോശയും, ദാവീദും, സോളമനും മരിച്ച് മണ്ണായിത്തീർന്നു. കല്പ

www.malankaralibrary.com

നകൾ പാലിക്കാത്ത അവർക്ക് നിത്യസമ്മാനം ലഭിച്ചത് എങ്ങിനെയാണ്? പരീക്ഷയിൽ തോറ്റവന് ജയിക്കാൻ നൽകുന്ന മാർക്കാണ് കൃപാവരം (grace). ഗ്രേസ്മാർക്ക് കിട്ടാതെ ദൈവത്തിന്റെ വാഗ്ദാനം പ്രാപിച്ചവർ ആരും തന്നെയില്ല. അതുകൊണ്ട് ആർക്കാണ് ഞങ്ങൾ വിശുദ്ധർ, നിങ്ങൾ കാഫിർ എന്ന് പറയാൻ കഴിയുക. അതുകൊണ്ട് വിശ്വാസം വഴി അഥവാ ദൈവവുമായുള്ള ബന്ധംവഴി, കല്പനകൾ അനുസരിക്കാൻ ശ്രമിച്ച് പരാജയപ്പെടുമ്പോൾ ദൈവം നൽകുന്ന ഗ്രേസ്മാർക്ക് സ്വീകരിച്ചുകൊണ്ടാണ് ഒരുവൻ പൂർണ്ണത പ്രാപിക്കുന്നത് (രക്ഷ പ്രാപിക്കുന്നത്). മാർപ്പാപ്പയോ, മെത്രാനോ, വൈദീകരോ, വിശുദ്ധരോ എല്ലാം പൂർണ്ണത പ്രാപിച്ചത് അവരുടെ പ്രവർത്തി പൂർണ്ണമായതു കൊണ്ടല്ല, പ്രത്യുത അവരുടെ പ്രവൃത്തിയെ ഗ്രേസ്മാർക്കിലൂടെ ദൈവം പൂർണ്ണമാക്കിയതുകൊണ്ടാണ്.

പരിശുദ്ധ ആരാധനയിലെ സമർപ്പണമാണ് ഗ്രേസ്മാർക്ക് ലഭിക്കുന്ന ഉന്നത സന്ദർഭം. ഗ്രേസ് മാർക്ക് ലഭിക്കുന്ന അവസ്ഥയിലേക്കുള്ള വളർത്തലാണ് ഓരോ കൂദാശകളും. അതിനാൽ പുരോഹിതൻ ദൈവജനത്തിന് ഗ്രേസ് മാർക്കിന്റെ വിളമ്പുകാരനാണ്. പുരോഹിതൻ ഗ്രേസ് മാർക്കിന്റെ ഉറവിടമല്ല, വിളമ്പുകാരൻ മാത്രമാണ്. അവൻ തന്നെയും ഗ്രേസ്മാർക്ക് വാങ്ങിക്കൊണ്ടാണ് പൂർണ്ണതയിൽ നിൽക്കുന്നത് (നടപടി 15: 1). ഇക്കാരണത്താൽ സഭ പുരോഹിതനെ dispensor of grace എന്ന് വിളിക്കുന്നു.

**4) വിശ്വാസ കൈമാറ്റത്തിന്റെ സൂക്ഷിപ്പുകാരൻ**

4) മുകളിൽ വിവരിച്ച കാര്യങ്ങളൊന്നും തന്നെ ആരും സ്വയം കണ്ടുപിടിച്ചതല്ല, യേശു ക്രിസ്തു സ്വയം ജീവിക്കുകയും, പഠിപ്പിക്കുകയും ചെയ്തതാണ്. മാത്രമല്ല ആരും തന്നെ സ്വയം ശിഷ്യന്മാരാകുന്നതല്ല, പ്രത്യുത യേശു തന്നെ ഇക്കാര്യങ്ങൾ സാക്ഷ്യപ്പെടുത്താൻ ശിഷ്യന്മാരെയും, അവരെ നയിക്കാൻ 12 അപ്പസ്തോലന്മാരെയും തിരഞ്ഞെടുത്തതാണ്. അപ്പസ്തോലന്മാരെ ശിഷ്യന്മാരോ, ശിഷ്യന്മാരെ ജനങ്ങളോ തിരഞ്ഞെടുത്തല്ല.

ഞങ്ങൾ ഇതിനെല്ലാം സാക്ഷികളാണ് എന്നാണ് ശിഷ്യന്മാർ പറയുന്നത്. യേശുവിൽ നിന്ന് മനസ്സിലാക്കിയതിനെ പരിശുദ്ധാത്മാവിന്റെ സഹായത്താൽ ശിഷ്യന്മാർ വളർത്തി കൈമാറ്റം ചെയ്യുന്നു. ഇത്തരത്തിൽ മുൻതലമുറ കൈമാറ്റം ചെയ്തുതന്നെ വിശ്വാസ പൈതൃകത്തെ വളർത്തി വലുതാക്കി കൈമാറ്റം ചെയ്യാനുള്ള പ്രാഥമിക ഉത്തരവാദിത്വം അപ്പസ്തോലന്മാരുടെ പിൻഗാമികളായ മെത്രാന്മാർക്കും, അവരെ സഹായിക്കാനുള്ള ഉത്തരവാദിത്വം പുരോഹിതനുമാണ്. ദൈവശാസ്ത്രം, തത്വശാസ്ത്രം, സാമൂഹിക ശാസ്ത്രം എന്നിവയുടെ സഹായത്തോടെ യേശു പഠിപ്പിച്ചവയെ വളർത്തി, യേശുവിന്റെ രണ്ടാം വരവുവരെ കൈമാറ്റം ചെയ്യാനുള്ള ഉത്തരവാദിത്വം ഏറ്റെടുക്കുന്നവനാണ് പുരോഹിതൻ. ഈ ദൗത്യം ഒരുവൻ സ്വന്തമായി ഏറ്റെടുക്കുന്നതല്ല. എന്നാൽ അവന് ഈ ദൗത്യം ഏൽപ്പിക്കപ്പെട്ടതാണ്. എന്നാൽ ആത്മായൻ ഈ ദൗത്യം സ്വയം ഏറ്റെടുക്കുന്നു. അവൻ ഒരു free lancer ആകുന്നു. എന്നാൽ പുരോഹി

www.malankaralibrary.com

തൻ എല്പിക്കപ്പെട്ട ദൗത്യവാഹകനാണ്. ഏൽപ്പിക്കപ്പെട്ടത് പഠിപ്പിക്കുന്നതാണ് മതബോധകൻ, പുതിയ സാധ്യതകൾ അന്വേഷിക്കുന്നവനാണ് ദൈവശാസ്ത്രജ്ഞൻ. പുതിയ സാധ്യതകൾ കണ്ടെത്തുമ്പോൾ നിലവിലുള്ളവയ്ക്കും മൊത്തം വിശ്വാസത്തിനും അനുകൂലമായവ സഭാസമ്പത്തിലേക്ക് കൂട്ടിച്ചേർക്കപ്പെട്ട് അപ്പസ്തോലന്മാർ നൽകിയ പിതൃസ്വത്ത് (Patrimony) വർദ്ധിപ്പിക്കുവാൻ നേതൃത്വം നൽകേണ്ടത് പുരോഹിതനാണ്.

പുതിയ നിയമ പുരോഹിതൻ ബലിയർപ്പിക്കുന്ന പൂജാരിയല്ല, ദൈവത്തിനും മനുഷ്യനുമിടയിലുള്ള മധ്യസ്ഥനല്ല, സ്വയം വിശുദ്ധീകരിക്കുവാൻ കഴിവുള്ളവനല്ല. അവൻ സ്നേഹത്തിന്റെ അപ്പസ്തോലനാണ്, മധ്യസ്ഥനില്ലാതെ ദൈവത്തെ സമീപിക്കാൻ മനുഷ്യനെ സഹായിക്കുന്നവനാണ്. ഗ്രേസ്മാർക്കിന്റെ വിളമ്പുകാരനാണ് (dispenser) വിശ്വാസ കൈമാറ്റത്തിന്റെ നേതൃത്വം വഹിക്കേണ്ടവനാണ്.